(ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

ചേർപ്പ് ബ്ലോക്ക്

അസി. എൻജിനീയർ	–	1
വി.ഇ.ഒ.	–	1
എൽ.വി.ഇ.ഒ.	–	3
എൽ.ഡി.സി.	–	1

അന്തിക്കാട് ബ്ലോക്ക്

ഓവർസിയർ	–	1
ഇ.ഒ.(ഐ.ആർ.ബി)	–	1
വി.ഇ.ഒ.	–	1
എൽ.വി.ഇ.ഒ.	–	1
എൽ.ഡി.സി.	–	1
ടൈപ്പിസ്റ്റ്	–	1

(ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

എറണാകുളം ജില്ലയിലേക്കുള്ള അസി : എഞ്ചിനീയർമാരുടെ നിയമനം

50 (1344) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് കോമൺ സർവ്വീസിലെ 28-8-1998-ൽ നിലവിൽ വന്ന എറണാകുളം ജില്ലയിലേക്കുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പി.എസ്.സി. ലിസ്റ്റിൽ (റാങ്ക് ലിസ്റ്റ് നം. 242/98/എസ്.എസ്.2 തീയതി 28.8.2000 എറണാകുളം പി.എസ്.സി. ആഫീസ്) നിന്നും ഇതുവരെ എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അപ്രകാരം നിയമനം നടത്തിയപ്പോൾ സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരിൽ ധീവരസമുദായത്തിൽപ്പെട്ട ആർക്കെങ്കിലും നിയമനം ലഭിച്ചിട്ടുണ്ടോ ;

(ഡി) റാങ്ക് ലിസ്റ്റ് നിർണ്ണയിക്കുവാൻ പി.എസ്.സി.യോട് ആവശ്യപ്പെട്ടപ്പോൾ എത്ര ഒഴിവുകൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇപ്പോൾ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരാളെ മാത്രം നിയമിച്ചു.

(ബി) ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിനായി പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ചെയ്യുന്നതനുസരിച്ചാണ് നിയമനം നൽകുന്നത്.

(സി) ഇല്ല.

(ഡി) എറണാകുളം ജില്ലയിൽ ഒരു ഒഴിവ് മാത്രം അന്നത്തെ നിയമനാധികാരിയായ ജില്ലാ പഞ്ചായത്ത് ആഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

(ഇ) ഇപ്പോൾ പഞ്ചായത്തു വകുപ്പിൽ 6 ഒഴിവുകൾ ഉണ്ട്. ആയത് നിലവിലുള്ള നിയമനം അനുസരിച്ച് യോഗ്യതയുള്ള ഒന്നാം ഗ്രേഡ് ഓവർസിയർമാരെ താൽക്കാലികമായി പ്രൊമോട്ടു ചെയ്ത് നിയമനം നടത്തുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ ഇപ്പോൾ നിയമം അനുവദിക്കുന്നില്ല.

കുളനട ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

51 (1345) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കുളനട ബ്ലോക്ക് പഞ്ചായത്ത് 2000-2001 വർഷത്തേക്ക് ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിന് എന്തു തുക വകക്കൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഓരോ മേഖലക്കും എന്തു തുക വീതം അനുദവിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിൽ 31-1-2001 വരെ എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ഈ കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത് ; വിശദവിവരം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly